File No.EXC/4898/2021-XE9

**കേരള എക്സൈസ് വകുപ്പ്**
**'മാതൃഭാഷ-മലയാളം'**

എക്സൈസ് കമ്മീഷണറുടെ കാര്യാലയം
തിരുവനന്തപുരം,
തീയതി: 11/11/2021
ഇ-മെയിൽ : ecoffice.exc@kerala.gov.in
ഫോൺ:0471-2332632

**സർക്കുലർ നം-EXC37/2021/EXCISE**

വിഷയം: എക്സൈസ് ഭരണപരം-സംസ്ഥാന, മേഖലാതല, ജില്ലാതല പ്രത്യേക സംഘങ്ങളുടെ പ്രവർത്തനം -1985-ലെ Narcotic and Psychotropic Substances Act-ലെ 42-ാം വകുപ്പ് പ്രകാരം നൽകിയിട്ടുള്ള അധികാരം വിനിയോഗിക്കുന്നത് - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന: 1) 08.02.1988-ലെ G.O. (MS) 15/88/TD നമ്പർ ഉത്തരവ്.
2) 22.10.1990-ലെ സ.ഉ(കൈ)146/90/നികുതി നമ്പർ ഉത്തരവ്. (എസ്.ആർ.ഒ 1730/90).
3) 03.09.1994-ലെ G.O. (MS) 109/94/TD നമ്പർ ഉത്തരവ്.
4) ഈ ഓഫീസിലെ 11.08.2020 തീയതിയിലെ XD3-136956/2019 നമ്പർ ഉത്തരവ്.
5)05.11.2021-ലെ സ.ഉ (കൈ) 73/2021/നികുതി നമ്പർ ഉത്തരവ് (എസ്.ആർ.ഒ. നം. 817/2021)

സൂചന (2) പ്രകാരം എക്സൈസ് വകുപ്പിലെ എക്സൈസ് ഇൻസ്പെക്ടർ റാങ്ക് മുതൽ മുകളിലുള്ള ഉദ്യോഗസ്ഥർക്ക് 1985-ലെ എൻ.ഡി.പി.എസ് ആക്ടിലെ 42-ാം വകുപ്പ് പ്രകാരമുള്ള അധികാരം നൽകുകയും ആയതിൻ പ്രകാരമുള്ള ചുമതലകൾ അവരവരുടെ അധികാര പരിധിയ്ക്കുള്ളിൽ നിർവ്വഹിക്കണമെന്ന വ്യവസ്ഥയോടുകൂടി സർക്കാർ ഉത്തരവായിട്ടുള്ളതുമാണ്.

സൂചന (5) പ്രകാരം സ്റ്റേറ്റ് എൻഫോഴ്സ്മെന്റ് സ്ക്വാഡ്, മൂന്ന് സോണുകളിലെ സോണൽ സ്ക്വാഡുകൾ, എക്സൈസ് എൻഫോഴ്സ്മെന്റ് ആന്റ് ആന്റി നാർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡുകൾ എന്നിവയിൽ നിയോഗിച്ചിട്ടുള്ള എക്സൈസ് ഇൻസ്പെക്ടർ റാങ്ക് മുതൽ മുകളിലുള്ള ഉദ്യോഗസ്ഥർക്ക് 1985-ലെ എൻ.ഡി.പി.എസ് ആക്ടിലെ 42-ാം വകുപ്പ് അനുസരിച്ചുള്ള അധികാരം പ്രത്യേകമായി നൽകുകയും അതിൻ പ്രകാരം പ്രവർത്തിക്കുവാൻ സംസ്ഥാനം മുഴുവൻ അധികാര പരിധി നൽകികൊണ്ട് സർക്കാർ ഉത്തരവായിട്ടുള്ളതുമാണ്.

എക്സൈസ് എൻഫോഴ്സ്മെന്റ് ആന്റ് ആന്റി നാർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡുകൾ

ഒഴികെയുള്ള സ്ക്വാഡുകളിൽ വിവിധ ജില്ലകളിലെ ഉദ്യോഗസ്ഥരെ അവരുടെ ദൈനംദിന ചുമതലകൾക്കു പുറമേ സ്ക്വാഡുകളിലെ ചുമതല കൂടി നൽകി നിയോഗിച്ചുവരുന്നു . അപ്രകാരം നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർക്ക് സൂചന (2)-ഉം, (5)-ഉം പ്രകാരമുള്ള അധികാരം ലഭിക്കുന്ന സാഹചര്യം ഉണ്ടാകാൻ ഇടയുള്ളതാണ് . അതായത് ടി ഉദ്യോഗസ്ഥർ അവരവരുടെ ദൈനംദിന ചുമതലകൾ നിർവ്വഹിക്കുമ്പോൾ അവരുടെ അധികാര പരിധിക്കുള്ളിൽ സൂചന (2) പ്രകാരം സ്ക്വാഡ് അംഗം എന്ന നിലയിൽ സൂചന (5) പ്രകാരമുള്ള അധികാരവും ലഭിക്കുന്ന സാഹചര്യം നിലനിൽക്കുന്നു.

ആയതിനാൽ സ്ക്വാഡിലെ അംഗം എന്ന നിലയിൽ പ്രവർത്തിക്കുമ്പോൾ സൂചന (5) പ്രകാരമുള്ള ടി അധികാരം വിനിയോഗിക്കേണ്ടതും അതുമായി ബന്ധപ്പെട്ട് കോടതികളിൽ ഫയൽ ചെയ്യുന്ന Complaint-കളിൽ അപ്രകാരമുള്ള അധികാരം വിനിയോഗിച്ചതായി കൃത്യമായി രേഖപ്പെടുത്തേണ്ടതുമാണ്. അത്തരം സന്ദർഭങ്ങളിൽ സൂചന (2)-ഉം (5)-ഉം പ്രകാരം നൽകിയിട്ടുള്ള അധികാരങ്ങൾ പരസ്പരം അതിക്രമിക്കുന്നില്ലായെന്ന് (overlap) ഉറപ്പ് വരുത്തേണ്ടതാണ്.

സൂചന (5) പ്രകാരം സ്ക്വാഡ് അംഗം എന്ന നിലയിൽ മാതൃസ്ഥാനത്തിന് പുറത്ത് ടി ആക്ടിലെ 42-ാം വകുപ്പ് അനുസരിച്ച് അധികാരം വിനിയോഗിക്കുമ്പോൾ, ആക്ടിലെ 42(2) വകുപ്പിൽ നിഷ്കർഷിച്ചിട്ടുള്ള മേലുദ്യോഗസ്ഥൻ (Immediate Superior Officer), ഏത് ജില്ലയിലാണോ പ്രസ്തുത പ്രവർത്തനം നടത്തുന്നത് ആ ജില്ലയിലെ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ ആയിരിക്കുന്നതാണ്.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

**S. AANANTHAKRISHNAN IPS**

Signature valid
Digitally signed by Aananthakrishnan S
Date: 2021.11.11 1?:12:38 IST
Reason: Approved

**എക്സൈസ് കമ്മീഷണർ**

ഗ്രാഹകൻ

1. അഡീഷണൽ എക്സൈസ് കമ്മീഷണർ (ഭരണം,എൻഫോഴ്സ്മെൻറ്)
2. എക്സൈസ് വിജിലൻസ് ഓഫീസർ

3.ജോയിൻറ് എക്സൈസ് കമ്മീഷണർ (എല്ലാം)
4.ഡെപ്യൂട്ടി  എക്സൈസ് കമ്മീഷണർ (എല്ലാം)
5.ലോ ഓഫീസർ
6.അസിസ്റ്റൻറ് എക്സൈസ് കമ്മീഷണർ (എല്ലാം)
7.എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ (എല്ലാം)
8.എക്സൈസ് ഇൻസ്പെക്ടർ (എല്ലാം)
9.ഉത്തരവ് ഫയൽ/കരുതൽ ഫയൽ/വെബ്സൈറ്റ്

©
കേരള സർക്കാർ
Government of Kerala
2021

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2021 നവംബർ 09<br>09th November 2021<br>1197 തുലാം 24<br>24th Thulam 1197<br>1943 കാർത്തികം 18<br>18th Karthika 1943 | നമ്പർ<br>No. | 3271 |

GOVERNMENT OF KERALA

**Taxes (G) Department**

ORDER

G. O. (Ms.) No. 73/2021/TD. *Dated, Thiruvananthapuram, 5th November, 2021*
*20th Thulam, 1197.*

**S. R. O. No. 817/2021**

In exercise of the powers conferred by sub-section (1) of section 42 and section 67 of the Narcotic Drugs and Psychotropic Substances Act, 1985 (Central Act 61 of 1985), the Government of Kerala hereby empower all the officers of and above the rank of Excise Inspectors in the State Excise Enforcement Squad, Zonal Squads of three Zones and the

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Excise Enforcement and Anti Narcotic Special Squads to exercise the powers and to perform the duties specified in section 42 of the said Act throughout the State of Kerala and also authorizes the said officers to exercise the powers conferred upon them under section 67 of the said Act.

The immediate superior officer for the purpose of sub-section (2) of section 42 of the Act with regard to the above mentioned empowered officers shall be the Assistant Excise Commissioner of the respective Districts.

By order of the Governor,

K. R. JYOTHILAL,
*Principal Secretary to Government.*

**Explanatory Note**

(This does not form part of the order, but is intended to indicate its general purport.)

The Government as per G. O. (Ms.) No. 146/90/TD dated 22nd October, 1990 and published as S.R.O. No. 1730/90 in the Kerala Gazette Extraordinary No. 50 dated 18th December, 1990 have empowered all the officers in the Police Department of and above the rank of Sub-Inspector of Police and all officers in the Excise Department of and above the rank of Excise Inspector to exercise the powers and to perform the duties specified in section 42 of the said Act within the area of their respective jurisdiction and also authorized the said officers to exercise the powers conferred upon them under section 67 of the said Act.

At present, the State Excise Enforcement Squad, Special Squads for North Zone, South Zone and Central Zone and Excise Enforcement and Anti Narcotic Special Squad

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

are functioning in the Department under the direct supervision and control of Excise Commissioner with officers from various District of the State in addition to their normal duties and functions in order to strengthen the enforcement activities and to take timely action on the information received regarding the illicit trafficking of drugs and illicit storage and sale of spirit and other liquor. The State Excise Enforcement Squad is having State wide jurisdiction and the Zonal squads are having jurisdiction within their respective zones. The offences detected by the squad will be handed over to local Excise Range Offices for further action.

There has been a considerable increase in the NDPS cases in the State. Secret information regarding the illicit trafficking of drugs are received and timely action on this information is highly necessary for preventing these acts. For the timely action on the information received, it is found necessary that the officers included in the above mentioned squads should be empowered to exercise the powers and to perform the duties specified in section 42 of the said Act throughout the state and to exercise the powers conferred upon them under section 67 of the said Act.

Hence the Government have to empower all the officers of and above the rank of Excise Inspectors in the State Excise Enforcement Squad, Special Squad for North Zone, South Zone and Central Zone and Excise Enforcement and Anti Narcotic Special Squad to exercise the powers and to perform the duties specified in section 42 of the said Act throughout the State of Kerala and also to authorizes the said officers to exercise the powers conferred upon them under section 67 of the said Act.

This order is intended to achieve the said object.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2021

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2021.11.10 01:53:36 +05:30